



# സ്വർഗത്തിലെ നിത്യതാരം

**ഇടശ്ശേരി**

സുരലോകത്തിലെ സൗന്ദര്യമയിയായ ഉർവശി പ്രതിനിധീഭവിക്കുന്ന സ്ത്രീഹൃദയം സുകുമാരകലകൾക്കുള്ള എല്ലാ മായികവശങ്ങളുടെയും ഒരു സമഗ്ര രൂപമാണ്. കാർമുകിലിനെ എപ്പോഴെന്നില്ലാതെ ആശ്ലേഷിക്കുകയും വിലക്കുന്നതിനോ വിളംബിക്കുന്നതിനോ യാതൊന്നിനും സാധ്യമാകാതെ പ്രത്യക്ഷപ്പെടുന്നപോലെത്തന്നെ തിരോഭവിക്കുകയും ചെയ്യുന്ന മഴവില്ലിന്റെ മഞ്ജുളതയും സ്വാതന്ത്ര്യശീലവും ഒരേസമയം ഈ യോഷിത് പ്രകൃതിയിൽ തെളിഞ്ഞു മിന്നുന്നു. ആ ഹൃദയം മഹനീയങ്ങളെന്നെണ്ണപ്പെടുന്ന അത്തരത്തിലുള്ള ആദർശങ്ങളാൽ ഒന്നിനാലും നിയന്ത്രിക്കപ്പെടുന്നില്ല. ലോകത്തിന് അനിഷേധ്യമെന്നു തോന്നുന്ന സ്ത്രീധർമങ്ങൾക്കു പോലും ആ നിത്യതരുണി വശഗയല്ല. മഹാകവി ടാഗോർ ഉർവശിയെപ്പറ്റി പറയുന്നതു നോക്കുക:

'മധുരദർശനേ ജനനിയല്ല നീ
വധുവുമല്ല നീ സുതയുമല്ല നീ.'

സൗന്ദര്യത്തിന്റെ എല്ലാ സമ്പത്തുക്കളേയും കവർന്നെടുത്തിട്ടുള്ള ആ ഇന്ദ്രസഭാനർത്തകി പുരാണകർത്താവിന്റെ അനുത്തമവും അനുപമവുമായ ഒരു സൃഷ്ടിയാണ്. എന്നല്ല, അതുപോലെ അത്രയും സമ്പൂർണമായ മറ്റൊന്നിനെ സൃഷ്ടിക്കുവാൻ ആ അത്ഭുതശക്തിയുള്ള കൈയ്ക്കു പോലും സാധിച്ചിട്ടുമില്ല! താരാകദംബകത്തിൽ തിരുവാതിരയ്ക്കോ മറ്റൊന്നിനോ ഉള്ളപോലെ ഒരു വ്യക്തിത്വം മാത്രമല്ല, പുരാണകഥാപാത്രങ്ങൾക്കിടയിൽ പ്രസ്തുത നായികയ്ക്ക് ശീതളയും പ്രഭാമയിയുമായ ജ്യോത്സ്നയെപ്പോലെ അനിതരലഭ്യമായ ഒരു മഹാത്മ്യംതന്നെ സിദ്ധിച്ചിരിക്കുന്നു. പാതിവ്രത്യനിഷ്ഠയ്ക്ക് സീതയെപ്പോലെ വേറെയും ചിത്രങ്ങളെ നമുക്ക് കാണാൻ കഴിഞ്ഞേക്കാം; പക്ഷേ, ഉർവശി സ്വന്തം സവിശേഷതയിൽ ഉപമാനത്തിനോ ഉപമേയത്തിനോ വിധേയയാകാതെ നിലകൊള്ളുകയാണ്.

പുരാണങ്ങളുടെ കഥയിരിക്കട്ടെ. വിശ്വസാഹിത്യത്തിൽ ഇന്നുവരെ ഉണ്ടായിട്ടുള്ള വിശിഷ്ടഗ്രന്ഥങ്ങളിൽപോലും ഉർവശിയുടെ യശസ്സിനെ കാംക്ഷിക്കുന്നവളായിട്ടെങ്കിലും ഒരു കഥാപാത്രം ഉള്ളതായി കേട്ടിട്ടില്ല!

പൗരാണികൻ, സകലവിധമായ സുഖത്തിന്റെയും സമഗ്രതയ്ക്ക് ഒരു സ്വർഗം ചമച്ചു. ആ സാമ്രാജ്യത്തിൽനിന്ന് മരണത്തെയും വേദനകളെയും ഉറക്കത്തെയും നാടുകടത്തി-തന്റെ മുഴുവൻ നൈപുണ്യവും ചെലവഴിച്ച്-അതിനെ, എല്ലാ മധുരസങ്കല്പങ്ങളുടെയും ഉപരിതലത്തിൽ സ്വച്ഛന്ദം നിലനിർത്തി. പക്ഷേ, ആ എല്ലാ സുഖപ്പൊലിമകളെയും യഥാവിധി ആസ്വദിക്കാനുള്ള ഒരേയൊരു വ്യക്തിയെ മാത്രം സൃഷ്ടിക്കുവാനേ ആ മഹാത്മാവിനു കഴിഞ്ഞുള്ളൂ. അതാണ് ഉർവശി. ആകർഷണീയങ്ങളും അതിരറ്റു കിടക്കുന്നവയുമായ സുഖഭോഗങ്ങളെ സങ്കല്പിച്ച അതേ ഭാവന, അനുഭവയോഗ്യമായ ഒരനിയന്ത്രിതാവസ്ഥയെ വരച്ചുകാണിക്കുന്നതിൽ വമ്പിച്ച വിജയം നേടി. അതത്രേ ഉർവശി.

ജലധിയിലെ കല്ലോലങ്ങളും മനുഷ്യരുടെ ഹൃദയരക്തവും ഒപ്പം കിടന്നു താളംചവിട്ടുമാറ് ഈ മനോഹരതാരം ഭാരതീയ സാഹിത്യാന്തരീക്ഷത്തിൽ നടനം ചെയ്യുന്നു. ഈ കർമഭൂമിയിലെ വീരന്മാർ അവളുടെ വിഭ്രാന്തങ്ങളായ കടാക്ഷങ്ങളുടെ ഒരിതൾ ചൂടുവാൻവേണ്ടി അവരുടെ ജീവശോണിതത്തെ ഒഴുക്കിയിട്ടുണ്ട്; ഈ ഭാരതത്തിലെ ചക്രവർത്തിമാർ അവളുടെ ശോണാധരങ്ങളിൽനിന്നു വീശുന്ന ചാരുചന്ദ്രികയിൽ ഒരിക്കലെങ്കിലും മുങ്ങിക്കുളിക്കുവാൻ വേണ്ടി ചക്രവാളത്തിനും അതിരിടാൻ കഴിയാത്ത അവരുടെ സാമ്രാജ്യങ്ങളെ തൃണവൽ തള്ളിയിട്ടുണ്ട്; ഈ ആർഷഭൂവിലെ ദിവ്യതപസ്വികൾ അവളുടെ സ്വിന്നമായ നെറ്റിയിൽനിന്ന് ചിന്നിത്തെറിക്കുന്ന ഒരൊറ്റ മുക്താഫലത്തിനുവേണ്ടി അവരുടെ അനേക ജന്മാർജ്ജിതമായ തപസ്സമ്പത്തുക്കളെ കാണിക്കയായി വെച്ചിട്ടുണ്ട്. എന്തിന്, ആ നർത്തകിയുടെ മഞ്ജീരശിഞ്ജിതങ്ങളും കങ്കണകളക്വണിതങ്ങളും ടാഗോറിനെപ്പോലെയുള്ള നിരവധി വിശ്വമഹാകവികളെ സൃഷ്ടിക്കുകതന്നെ ചെയ്തിട്ടുണ്ട്!

താരാമണ്ഡോദര്യാദികളുടെ സമുദായത്തിൽ ഒരിക്കലും പ്രവേശനമില്ലാത്ത ഈ ദേവി കലാകാരന്റെ അധിഷ്ഠാനദേവതയാണ്. ഖനിയിൽനിന്ന് അപ്പോൾത്തന്നെ കുഴിച്ചെടുത്തതും സമുദായാചാരമാകുന്ന ശാണഘർഷണത്താൽ സംസ്കരിക്കപ്പെട്ട യാതൊരു കൃത്രിമരൂപങ്ങളും അവലംബിക്കാത്തതുമായ സ്ത്രീത്വത്തിന്റെ പ്രകൃതിസിദ്ധമായ എല്ലാ ഔത്കൃഷ്ട്യത്തെയും അതേപ





ടി കാണിച്ചുതരികയാണ് ഉർവശി ചെയ്യുന്നത്. അതിന്റെ നിസർഗജമായ ശോഭ കലാകാരനെ ആകർഷിക്കുകയും അയാളുടെ ഹൃദയത്തിൽ മനുഷ്യസമുദായത്തിന്റെ സുന്ദരങ്ങളായ ആദിമചിത്രങ്ങളെ വരച്ചുണ്ടാക്കുകയും ചെയ്യുന്നുണ്ടായിരിക്കണം. എന്നല്ല, അതിന്റെ മായികശക്തി-ഇവിടെ സ്ഥൈര്യമോ പ്രണയദാർഢ്യമോ ഇല്ലെന്നുറപ്പുണ്ടായിട്ടും അവിടെ, തനിക്കിഷ്ടമുള്ളേടത്തോളംകാലം അതെല്ലാമുണ്ടെന്നു തോന്നിപ്പിക്കുന്ന ആ ദിവ്യനൈപുണി-മുഗ്ധഹൃദയനായ കലാപ്രണയിയെ അടിമയാക്കുകതന്നെ ചെയ്യുന്നു.

അപ്പോൾ, ഉർവശിയെ ആധുനികലോകത്തോട് ഒന്നടുപ്പിച്ചു നോക്കുക. ഇന്നു നാം കാണുന്ന സ്ത്രീത്വത്തിൽനിന്ന്, വളരെ നൂറ്റാണ്ടുകളോളമായി അതിന്മേൽ പറ്റിപ്പിടിക്കുകയും അതിനെ രൂപപ്പെടുത്തുകയും ചെയ്തിട്ടുള്ള സംസ്കാരത്തെ അടർത്തിക്കളയുന്നപക്ഷം പിന്നീട് അവശേഷിക്കുന്നതെന്തോ അത്, അതേ കാലത്തിനോ തദനുസൃതമായി വളർന്ന സംസ്കാരത്തിനോ തൊട്ടുനോക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത അത്രയും പുത്തനായ യോഷാത്വം തന്നെയാണ് ഉർവശിയിലൂടെ നാം കാണുന്നതെന്ന് വിശ്വസിക്കാമോ? അല്ലെങ്കിൽ, ഒന്നിനോടും ഒട്ടിപ്പിടിക്കാത്തതും എല്ലാറ്റിൽനിന്നും ഉയർന്നുനിൽക്കുന്നതുമായ ആ വിശിഷ്ടതയുടെ നിരവധി യുഗങ്ങളിലൂടെയുണ്ടായ പരിണാമത്തിന്റെ ഫലമാണ് ഇന്നത്തെ സ്ത്രീത്വം എന്നനുമാനിക്കാമോ? മാനവചരിത്രത്തിന്റെ, ചങ്ങലപോലെ കിടക്കുന്ന പർവതപംക്തിയിൽ, ഒന്നിൽനിന്നു നോക്കുമ്പോൾ മറ്റേത് അത്രയും സമുന്നതവും അപ്പോൾത്തന്നെ അത്യഗാധവുമെന്നു തോന്നിക്കുന്ന രണ്ട് അത്ഭുതശൃംഗങ്ങളാണ് ഇവ. അവയെ നോക്കിവിസ്മയിക്കുക, അല്ലെങ്കിൽ അവയെ ഓരോന്നിനേയും നോക്കി പഠിക്കുക. അല്ലാതെ അവയുടെ പരസ്പരബന്ധത്തെപ്പറ്റി അനുമാനങ്ങൾക്കൊരുമ്പെടുന്ന മനുഷ്യബുദ്ധി സാഹസത്തിലേക്ക് കുതിച്ചുചാടുകയാണ്. ഏതായാലും ഉർവശിയിലുള്ള യാതൊന്നും ഇന്നത്തെ സ്ത്രീയിൽ അവശേഷിച്ചിട്ടില്ലെന്ന്, അല്ലെങ്കിൽ ഇന്നും സ്ത്രീഹൃദയത്തിനുള്ള മനോഹാരിത അതിൽനിന്നു മുഴുവൻ പോയിക്കഴിഞ്ഞിട്ടില്ലാത്തതും ആ സൗന്ദര്യദേവതയുടെ നിർമിതിക്കു വിനിയോഗിച്ചിട്ടുള്ളതുമായ അതേ വിശിഷ്ടതയുടെതന്നെ അവശേഷങ്ങളല്ലെന്ന് ആർക്കെങ്കിലും പറയുവാൻ കഴിയുമോ?

ഉൽബുദ്ധകേരളം, ഡിസംബർ 11, 1936, പു. 3